# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1478** — **13-06-2014 ൽ മറുപടിയ്ക്ക്**

## ആത്മപദ്ധതി പ്രകാരം ഇരുചക്രവാഹനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഇ.ചന്ദ്രശേഖരൻ | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| പട്ടികജാതിയിൽപ്പെട്ട തെങ്ങുകയറ്റ വനിതാ തൊഴിലാളികൾക്ക് ആത്മപദ്ധതി പ്രകാരം ഇരുചക്രവാഹനം നൽകുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ? | ആത്മ പദ്ധതിയിൽ വാഹനം വാങ്ങാൻ വ്യവസ്ഥയില്ല. കാസർഗോഡ് ജില്ലയിൽ തെങ്ങുകയറ്റ യന്ത്രത്തിൽ പരിശീലനം നേടിയ വനിതകൾക്ക് യന്ത്രം കൊണ്ടു പോകുന്നതിലേക്കായി ഇരുചക്രവാഹനം നൽകുന്ന കാര്യത്തിൽ കാസർഗോഡ് പട്ടികജാതി വികസന ഓഫീസറുമായി പ്രിൻസിപ്പൽ കൃഷി ഓഫീസർ നേരിട്ട് ചർച്ച ചെയ്തു. ഇരുചക്രവാഹനം നൽകുന്നതിന് മുഴുവൻ തുകയും സബ്സിഡിയായി അനുവദിക്കാൻ സാധിക്കുകയില്ലെന്നും സ്വയം തൊഴിൽ പദ്ധതി പ്രകാരം ആകെ ചെലവിന്റെ $\frac{1}{3}$ സബ്സിഡിയായും $\frac{2}{3}$ ലോണായും അനുവദിക്കുമെന്നും ആയതിന് വേണ്ട പ്രൊപ്പോസൽ സമർപ്പിക്കുകയാണെങ്കിൽ പരിഗണിക്കാമെന്ന് പട്ടികജാതി വികസന ഓഫീസർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ